**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1260** **18-01-2021 - ൽ മറുപടിയ്ക്ക്**

**പ്രീസ്കൂൾ വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനിൽ അക്കര | | Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | പ്രീ സ്കൂൾ വിദ്യാഭ്യാസം പ്രാഥമിക വിദ്യാഭ്യാസവുമായി ബന്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | നടപടി സ്വീകരിച്ചിട്ടില്ല. |
| (ബി) | പ്രീ സ്കൂൾ പഠനം മെച്ചപ്പെടുത്തുവാൻ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രീ സ്കൂൾ പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ പ്രീ സ്കൂൾ അധ്യാപക സഹായി 'കളിപ്പാട്ടം' എന്ന പേരിലും പ്രീ-സ്കൂൾ കുട്ടികൾക്കായി (3+, 4+ പ്രായക്കാർക്ക്) പ്രവർത്തന പുസ്തകങ്ങളും അധ്യാപക വിനിമയ സഹായികളും 'കളിത്തോണി' എന്ന പേരിൽ മൂന്ന് ഭാഗങ്ങളായി തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭാഗം 1, 2 എന്നിവ അച്ചടിച്ച് സർക്കാർ അംഗീകൃത പ്രീ സ്കൂൾ കുട്ടികൾക്കും അധ്യാപകർക്കും വിതരണം ചെയ്തിട്ടുണ്ട്. മൂന്നാം ഭാഗം അച്ചടി നടപടികൾ പുരോഗമിച്ചു വരുന്നു. പ്രീസ്കൂൾ അധ്യാപകർക്ക് 'പ്രശിക്ഷാ' എന്ന പേരിൽ പ്രീസ്കൂൾ അധ്യാപക പരിവർത്തന പരിപാടിയും നൽകി വരുന്നു. |
| (സി) | പ്രീ സ്കൂൾ ക്ലാസ്സ് മുറികളുടെ ഭൗതിക സൗകര്യം ആകർഷകമാക്കുന്നതിനും ഒരു മോഡൽ കരിക്കുലത്തിന് രൂപം നൽകുന്നതിനും സാധിച്ചിട്ടുണ്ടോ; | (സി) | പ്രീസ്കൂൾ ക്ലാസ് മുറികളുടെ ഭൗതിക സൗകര്യം ആകർഷകമാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി സിസ്റ്റമാറ്റൈസിംഗ് ഓഫ് പ്രീ-സ്കൂളിംഗ് എഡ്യൂക്കേഷൻ പ്രകാരം വർഷാവർഷം സ്കൂളുകളെ തിരഞ്ഞെടുത്ത് തുക പൊതുവിദ്യാഭ്യാസ വകുപ്പ് അനുവദിക്കുന്നുണ്ട്. കൂടാതെ സമഗ്രശിക്ഷാ കേരള വഴിയും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. പ്രീസ്കൂൾ പാഠ്യപദ്ധതി 2014-ൽ എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയത് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. |
| (ഡി) | നിലവിലുള്ള അങ്കണവാടികളെയും പ്രീ പ്രൈമറി സംവിധാനത്തെയും ഉൾപ്പെടുത്തി പ്രീ സ്കൂൾ ഘടകം മെച്ചപ്പെടുത്തുവാൻ എസ്.സി.ഇ.ആർ.റ്റി. നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ഡി) | നിലവിലുള്ള അങ്കണവാടികളെയും പ്രീസ്കൂൾ സംവിധാനത്തെയും ഉൾപ്പെടുത്തിയുള്ള ക്ലസ്റ്റർ അധിഷ്ഠിത പ്രീസ്കൂളിംഗ് സംവിധാനം സമഗ്രശിക്ഷാ കേരളയുടെ നേതൃത്വത്തിൽ പൈലറ്റ് പ്രോജക്ടായി ചെയ്തുവരുന്നു. 414 പ്രീ സ്കൂളുകളുടെ ചുറ്റുമുള്ള 3 വീതം അങ്കണവാടികളെ ഉൾപ്പെടുത്തി 414 ക്ലസ്റ്ററുകൾ |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ നടത്തിപ്പിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗരേഖയും സ്ഥാപനങ്ങളുടെ അവസ്ഥാപഠനം നടത്തുന്നതിനുള്ള മാർഗരേഖ, ചോദ്യാവലി, എന്നിവയും എസ്.സി.ഇ.ആർ.ടി, വനിതാ ശിശു വികസന വകുപ്പ്, സമഗ്രശിക്ഷാ കേരളം, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് എന്നിവയുടെ സഹകരണത്തോടെ തയ്യാറാക്കിയിട്ടുണ്ട്. ക്ലസ്റ്ററിലെ പ്രീസ്കൂൾ, അങ്കണവാടി അധ്യാപകർ, ആയമാർ, ഉദ്യോഗസ്ഥ പ്രതിനിധികൾ, തദ്ദേശ സ്വയംഭരണാധികാരികൾ എന്നിവർക്ക് പരിശീലനം നൽകുന്നതിനുള്ള പരിശീലന പാക്കേജ് 'സംപ്രീതം' എന്ന പേരിൽ തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാന റിസോഴ്സ് അംഗങ്ങൾക്കുള്ള പരിശീലനം എസ്.സി.ഇ.ആർ.ടി നൽകിയിട്ടുണ്ട്. പരിശീലനത്തിനായി പ്രീസ്കൂൾ സംസ്ഥാന കോർ ഗ്രൂപ്പ് (PSCRG) പ്രീസ്കൂൾ സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് (PSSRG) പ്രീസ്കൂൾ ജില്ലാ റിസോഴ്സ് ഗ്രൂപ്പ് (PSDRG) എന്നിവയും രൂപീകരിച്ചിട്ടുണ്ട്. തുടർ പരിശീലനവും പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള ശിൽപശാലകൾ വനിതാ ശിശുവികസന വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ഇ) | കോവിഡ് കാലത്ത് പ്രീ സ്കൂളുകൾ തുറക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ അവർക്കായി ഓൺലൈനായി ക്ലാസ്സുകൾ സംഘടിപ്പിച്ചത് വിജയപ്രദമാണോയെന്ന് അറിയിക്കാമോ? | (ഇ) | കോവിഡ് കാലത്ത് പ്രീസ്കൂൾ തുറക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രീസ്കൂൾ അധ്യാപകരെ കേന്ദ്രീകരിച്ച് അവർക്ക് ആവശ്യമായ പിന്തുണയും അംഗീകാരവും നൽകി സ്വയം സജ്ജരാക്കുന്നതിനായി ഒരു പരിശീലന പാക്കേജ് പൊതുവിദ്യാഭ്യാസ വകുപ്പ് 'പ്രശിക്ഷാ-2020' എന്ന പേരിൽ ഓൺലൈനായി നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി ശാക്തീകരിക്കപ്പെട്ട അധ്യാപകർ നിരന്തരം പ്രീസ്കൂൾ കുട്ടികളുമായി സംവദിച്ച് അവർക്ക് വേണ്ട പിന്തുണ വിജയപ്രദമായി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ